(ഡി) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് നടത്തുന്ന മാനേജുമെന്റുകളുടെ പ്രതിനിധികളുമായി ഗവൺമെന്റ് ചർച്ച നടത്തിയിരുന്നു. സീറ്റു വിഭജനത്തിൽ രണ്ടു മാനേജ്മെന്റുകൾ സർക്കാരിന്റെ നിർദ്ദേശം സ്വീകരിക്കുകയുണ്ടായില്ല. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ഫീസ് സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ മാനേജ്മെന്റുകൾ എതിർപ്പ് പ്രകടിപ്പിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ സ്വകാര്യ വ്യക്തിക്ക് മെഡിക്കൽ സ്റ്റോർ

99 (2226) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ സ്വകാര്യ വ്യക്തിക്ക് മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാൻ എന്നാണ് അനുവാദം നൽകിയത് ;

(ബി) ഈ മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചത് എന്നാണ് ;

(സി) പ്രസ്തുത മെഡിക്കൽ സ്റ്റോർ അടച്ചുപൂട്ടുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ & ബി) കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ 'പ്രശോബ്' കെമിസ്റ്റ് ആന്റ് ഡ്രഗിസ്റ്റ് എന്ന സ്വകാര്യ സ്ഥാപനത്തിന് 23-1-1990-ൽ മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ശ്രീ. കെ. ടി. ശിവാനന്ദൻ എന്ന വ്യക്തിയാണ് മെഡിക്കൽ സ്റ്റോർ ഉടമ. ടിയാന് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐ.എം.സി.എച്ച്.-ലും ഒരു മെഡിക്കൽ സ്റ്റോർ തുടങ്ങുവാൻ കെ. എച്ച്. ആർ. ഡബ്യൂ. എസ്. അനുമതി നൽകിയിട്ടുണ്ട്.

(സി) ഇതിന് നിയമ വ്യവസ്ഥയില്ല.

കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് മെഡിക്കൽഷോപ്പ് തുടങ്ങാൻ അനുമതി

100 (2227) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഐ.എം.സി.എച്ച്.-ൽ സ്വകാര്യ വ്യക്തികൾക്ക് മെഡിക്കൽ ഷോപ്പ് തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആർക്കാണ് അനുമതി നൽകിയത് ;

(സി) ഐ.എം.സി.എച്ച്. സൂപ്രണ്ടിന്റെ ശുപാർശ പ്രകാരമാണോ സർക്കാർ തീരുമാനമെടുത്തത് ;

LIBRARY ARCHIVES Kerala Legislative Assembly